(എഫ്) ഇനി എന്നുമുതലുള്ള എത്ര അപേക്ഷകർക്ക് ഈ തുക നൽകുവാനുണ്ടെന്ന് അറിയിക്കുമോ;

(ജി) ഇത് എന്നത്തേക്ക് നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പി. എസ്. സി. അഡ്വൈസ്ഡ് ലിസ്റ്റിൽനിന്നും നിയമിച്ച കണ്ടക്ടർമാരിൽനിന്നും സെക്യൂരിറ്റി നിക്ഷേപം വാങ്ങാറില്ല. എന്നാൽ അൺ അഡ്വൈസ്ഡ് ലിസ്റ്റിൽനിന്നുള്ള താൽക്കാലിക കണ്ടക്ടർമാരിൽനിന്നും സെക്യൂരിറ്റി വാങ്ങാറുണ്ട്.

(ബി) ഇതിന്റെ കണക്കുകൾ ശേഖരിച്ചു വരുന്നു. ഇപ്പോൾ നടക്കുന്ന താൽക്കാലിക നിയമനം കൂടി (അൺ അഡ്വൈസ്ഡ് ലിസ്റ്റിൽനിന്നും) കഴിഞ്ഞു മാത്രമേ ശരിയായ കണക്ക് ലഭ്യമാവുകയുള്ളൂ.

(സി) ഇതു സംബന്ധിച്ച കണക്കുകൾ ശേഖരിച്ചു വരുന്നു.

(ഡി) കണ്ടക്ടർ ജോലിയിൽനിന്നും പിരിഞ്ഞു പോകുന്നവർക്ക് അവരുടെ അപേക്ഷപ്രകാരം ഈ തുക തിരിച്ചു നൽകുന്നുണ്ട്.

(ഇ) കണക്കുകൾ ശേഖരിച്ചു വരുന്നു.

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി) അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നൽകി വരുന്നുണ്ട്.

എംപാനലായി നിയമനം ലഭിച്ചവരെ റിസർവ്വ് കണ്ടക്ടറാക്കാൻ നടപടി

68 [1393] *ശ്രീ. പി. കെ. കെ. ബാവ:*
„ *കളത്തിൽ അബ്ദുള്ള:*
„ *പി. കെ അബ്ദുറബ്ബ്:*
„ *കെ. എൻ. എ. ഖാദർ:*
„ *ഇസഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ കണ്ടക്ടർ തസ്തികയിലേക്ക് പി. എസ്. സി. തെരഞ്ഞെടുത്ത് അഡ്വൈസ് ചെയ്തവരെ താൽക്കാലിക എംപാനൽ വ്യവസ്ഥയിൽ കണ്ടക്ടർമാരായി നിയമിക്കുന്നതിന്റെ കാരണം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരെ റിസർവ്വ് കണ്ടക്ടർമാരായി കണക്കാക്കി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(സി) പി. എസ്. സി. യുടെ കണ്ടക്ടർ ലിസ്റ്റിൽനിന്നും 15-11-2004 വരെ അഡ്വൈസ് ചെയ്ത് നിയമിതരായവരെ റിസർവ്വ് കണ്ടക്ടർ ആക്കുമെന്ന് വകുപ്പ് മന്ത്രി നടത്തിയ വാഗ്ദാനം അനുസരിച്ച് എന്തെല്ലാം നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇല്ലെങ്കിൽ ഇവരെ എന്നുമുതൽ റിസർവ്വായി പരിഗണിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക പ്രതിസന്ധി പരിഗണിച്ച് 14-12-01 ലെ ഒ. പി. നം. 37878/01-ലെ സി. എം. പി. നം. 62078/01-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുപ്രകാരം പി. എസ്. സി. അഡ്വൈസ് ചെയ്തവരെ താല്ക്കാലിക നിയമനം നടത്തുന്നതിന് അനുവാദം ഉണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ നിയമിക്കുന്നത്. 5-10-2004 വരെ നിയമനം നൽകിയവരെ ഇതിനകം റഗുലറൈസ് ചെയ്തിട്ടുണ്ട്.

(ബി) കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ ഇവരെ റിസർവ്വ് കണ്ടക്ടർമാരായി കണക്കാക്കി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ബുദ്ധിമുട്ടുണ്ട്. എങ്കിലും 5-10-2004 വരെ നിയമിച്ച എല്ലാവർക്കും ഈ ആനുകൂല്യങ്ങൾ നൽകിക്കഴിഞ്ഞു.

(സി) 5-10-2004 വരെ നിയമിച്ചവരും 6 മാസം പൂർത്തിയാക്കിയവരുമായ എല്ലാ പി. എസ്. സി. നിയമിത കണ്ടക്ടർമാരെയും റിസർവ്വ് കണ്ടക്ടർമാരാക്കി ആനുകൂല്യങ്ങൾ അനുവദിച്ചു. ബാക്കിയുള്ളവരുടെ കാര്യം പരിശോധിച്ചുവരുന്നു.

(ഡി) അവരെ റിസർവ്വാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം

69 [1394] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. എം. മുരളി:
,, പി. ടി. തോമസ് :
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുമായുള്ള എഗ്രിമെന്റ് പ്രകാരം എത്രവർഷം കൂടുമ്പോഴാണ് കെ. എസ്. ആർ. ടി. സി. യിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly